

എ.വൈ.ആർ

മന്ത്രവാദികൾ കാണിക്കുന്ന ആഭിചാരം വെറും കപട തന്ത്രങ്ങളാണെങ്കിൽ പ്രവാചകന്മാർ അവതരിപ്പിക്കുന്ന അത്ഭുതം അല്ലാഹുവിങ്കൽ നിന്നുള്ള പ്രകടനമാണ്. അതിനെ അതിജയിക്കാനോ തത്തുല്യമായത് പ്രത്യക്ഷപ്പെടുത്താനോ മന്ത്രവാദികൾക്കാവില്ല. പ്രവാചകന്മാരുടെ ദിവ്യാത്ഭുതങ്ങൾക്ക് സത്യത്തിന്റെ തേജസ്സും ശക്തിയുമുണ്ടായിരിക്കും. പ്രവാചകന്മാർക്ക് മാത്രമേ അതു പ്രത്യക്ഷപ്പെടുത്താനാകൂ. അവർക്കുപോലും അല്ലാഹുവിന്റെ ഹിതാനുസാരമല്ലാതെ അത് പ്രത്യക്ഷപ്പെടുത്താനാവില്ല.

സൂറ-20

# ത്വാഹാ

ആയത്ത് 66 മുതൽ 70 വരെ

قَالَ بَلْ أَلْقُوا ۖ فَإِذَا حِبَالُهُمْ وَعِصِيُّهُمْ يُخَيَّلُ إِلَيْهِ مِن سِحْرِهِمْ أَنَّهَا تَسْعَىٰ ﴿٦٦﴾

66. മൂസാ പറഞ്ഞു: ഇല്ല, ആദ്യം നിങ്ങൾ തന്നെ അവതരിപ്പിച്ചുകൊള്ളുക. പെട്ടെന്നതാ മാന്ത്രികന്മാരുടെ ആഭിചാരത്താൽ അവരുടെ കയറുകളും വടികളും പുളയുന്ന സർപ്പങ്ങളായി അദ്ദേഹത്തിനു തോന്നി.

فَأَوْجَسَ فِي نَفْسِهِ خِيفَةً مُّوسَىٰ ﴿٦٧﴾

67. അപ്പോൾ മൂസായുടെ അന്തരാളത്തിൽ ഒരു ഭീതിയുണർന്നു.

قُلْنَا لَا تَخَفْ إِنَّكَ أَنتَ الْأَعْلَىٰ ﴿٦٨﴾

68. നാം അരുൾ ചെയ്തു: പേടിക്കേണ്ട. നീ തന്നെയാണതിജയിക്കുക.

وَأَلْقِ مَا فِي يَمِينِكَ تَلْقَفْ مَا صَنَعُوا ۖ إِنَّمَا صَنَعُوا كَيْدُ سَاحِرٍ ۖ وَلَا يُفْلِحُ السَّاحِرُ حَيْثُ أَتَىٰ ﴿٦٩﴾

69. നിന്റെ കൈവശമുള്ളത് അവതരിപ്പിക്കുക. അവർ നിർമിച്ചിട്ടുള്ളതൊക്കെയും അതു വിഴുങ്ങിക്കൊള്ളും. അവർ നിർമിച്ചിട്ടുള്ളതോ, ആഭിചാര തന്ത്രം മാത്രമാകുന്നു. ആഭിചാരകൻ ഒരിക്കലും വിജയിക്കുന്നില്ല; എത്ര ഗമയിൽ വന്നാലും.

فَأُلْقِيَ السَّحَرَةُ سُجَّدًا قَالُوا آمَنَّا بِرَبِّ هَارُونَ وَمُوسَىٰ ﴿٧٠﴾

70. മൂസായുടെ പ്രകടനം കണ്ട് മാന്ത്രികന്മാർ പ്രണാമത്തിൽ വീണുപോയി. അവർ പ്രസ്താവിച്ചു: ഞങ്ങളിതാ ഹാറൂനിന്റെയും മൂസായുടെയും വിധാതാവിൽ വിശ്വസിച്ചിരിക്കുന്നു.

قَالَ = (മൂസാ) പറഞ്ഞു   بَلْ = ഇല്ല, പക്ഷേ

أَلْقُوا = നിങ്ങൾ എറിയൂ (ആദ്യം നിങ്ങൾ തന്നെ അവതരിപ്പിച്ചു കൊള്ളുക)   فَإِذَا = അപ്പോഴതാ

حِبَالُهُمْ = അവരുടെ കയറുകൾ   وَعِصِيُّهُمْ = അവരുടെ വടികളും

يُخَيَّلُ إِلَيْهِ = അവനിലേക്കു തോന്നിക്കപ്പെട്ടു (അദ്ദേഹത്തിനു തോന്നി)

مِن سِحْرِهِمْ = അവരുടെ (മാന്ത്രികന്മാരുടെ) ആഭിചാരത്താൽ   أَنَّهَا تَسْعَىٰ = അവ പുളയുന്നതായി

അപ്പോൾ അദ്ദേഹം മനസ്സിൽ ഭയന്നു (അന്തരാളത്തിൽ ഭീതി ഉണർന്നു) = فَأَوْجَسَ فِى نَفْسِهِۦ

നീ പേടിക്കേണ്ട = لَا تَخَفْ നാം അരുൾ ചെയ്തു = قُلْنَا മൂസാക്ക് مُّوسَىٰ ഒരു (നേരിയ) ഭീതി = خِيفَةً

മീതെയാകുന്നവൻ (അതിജയിക്കുന്നവൻ) = ٱلْأَعْلَىٰ നീ തന്നെയാണ് = إِنَّكَ أَنتَ

നിന്റെ വലതു കൈയിലുള്ളത് = مَا فِى يَمِينِكَ നീ എറിയുക (അവതരിപ്പിക്കുക) = وَأَلْقِ

അവർ നിർമിച്ചിട്ടുള്ളത് (ഒക്കെയും) = مَا صَنَعُوٓا۟ۖ അതു വിഴുങ്ങിക്കൊള്ളും = تَلْقَفْ

ആഭിചാരകന്റെ മന്ത്രം മാത്രമാകുന്നു = كَيْدُ سَـٰحِرٍۖ അവർ നിർമിച്ചിട്ടുള്ളതോ = إِنَّمَا صَنَعُوا۟

ആഭിചാരകൻ = ٱلسَّاحِرُ (ഒരിക്കലും) വിജയിക്കുന്നില്ല = وَلَا يُفْلِحُ

എവിടെ, എങ്ങനെ (എത്ര ഗമയിൽ) വന്നാലും = حَيْثُ أَتَىٰ

(മൂസായുടെ പ്രകടനം കണ്ട്) മാന്ത്രികന്മാർ എറിയപ്പെട്ടു (വീണു പോയി)= فَأُلْقِىَ ٱلسَّحَرَةُ

അവർ പ്രസ്താവിച്ചു = قَالُوٓا۟ പ്രണാമം (മത്തിൽ) ചെയ്യുന്നവരായി = سُجَّدًا

ഹാറൂനിന്റെയും മൂസായുടെയും വിധാതാവിൽ = بِرَبِّ هَـٰرُونَ وَمُوسَىٰ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു = ءَامَنَّا

## 66,67

**മൂ**സാ നബിയെ സംബന്ധിച്ചേടത്തോളം അതു മാന്ത്രിക വിദ്യകളുടെ മത്സരമായിരുന്നില്ല. മാന്ത്രിക വിദ്യയും ദിവ്യാത്ഭുതവും തമ്മിലുള്ള മത്സരമായിരുന്നു. മാന്ത്രികന്മാർ യഥാർത്ഥത്തിൽ മത്സരിക്കുന്നത് തന്നോടല്ല, മാന്ത്രികരെയും അവരുടെ വിദ്യകളെയും സൃഷ്ടിച്ച അല്ലാഹുവിനോടാണ്. അതിൽ ആരാണ് വിജയിക്കാൻ പോകുന്നതെന്ന കാര്യത്തിൽ അദ്ദേഹത്തിന് ഒരാശങ്കയുമില്ലായിരുന്നു. അതുകൊണ്ട് പ്രകടനത്തിന് തുടക്കം കുറിക്കാൻ അദ്ദേഹം മാന്ത്രികരെ നിസ്സങ്കോചം അനുവദിച്ചു.

മായാജാല പ്രകടനത്തിൽ വേഗതയും കൈയടക്കവും അതി പ്രധാനമാണല്ലോ. മജിഷ്യന്മാർ ചെയ്യുന്ന പല അത്ഭുത പ്രവൃത്തികളും സാവധാനത്തിൽ ചെയ്യുകയാണെങ്കിൽ ഒരത്ഭുതവുമില്ലാത്ത, സാധാരണ പ്രവൃത്തികൾ മാത്രമാണെന്നു സാധാരണക്കാരായ കാണികൾക്കുപോലും മനസ്സിലാകും. ഇക്കാലത്ത് അത്ഭുതങ്ങൾ കാട്ടി ആൾദൈവം ചമയുന്ന വിരുതന്മാരുടെ കള്ളി പൊളിക്കാൻ ആധുനിക കാമറകൾ കൊണ്ട് സാധിച്ചിട്ടുണ്ട്. ദിവ്യാത്ഭുതങ്ങൾ മൂവികാമറയിൽ പകർത്തി സ്ലോമോഷനിൽ കണ്ടുനോക്കിയാൽ അതിൽ ദിവ്യത്വവുമില്ല, അത്ഭുതവുമില്ല എന്നു വ്യക്തമാകും. പുട്ടപർത്തിയിൽ ജീവിച്ചിരുന്ന സത്യസായിബാബ അന്തരീക്ഷത്തിൽ നിന്നു ഭസ്മവും വാച്ചും മറ്റും ഭക്തന്മാർക്ക് എടുത്തുകൊടുത്തിരുന്നതെങ്ങനെയാണെന്ന് യുക്തിവാദി എ.ടി കോവൂർ ഇപ്രകാരം തുറന്നുകാട്ടുകയുണ്ടായി. ഏതു നിമിഷത്തിലും അത്ഭുത വിദ്യകളവതരിപ്പിച്ച് ജനത്തെ അമ്പരപ്പിക്കാൻ തയ്യാറെടുത്തു നിൽക്കുകയായിരുന്നു മന്ത്രവാദികൾ. മൂസാനബി തുടങ്ങിക്കൊള്ളാൻ പറഞ്ഞതും, ഒരു നിമിഷം പോലും പാഴാക്കാതെ പ്രകടനം തുടങ്ങി. അവരുടെ കൈകളിലിരുന്ന കയറുകളും വടികളും അതാ പ്രേക്ഷകർക്കു മുമ്പിൽ പാമ്പുകളെപ്പോലെ പുളയുന്നു. ആളുകൾ വിരണ്ടുപോയി.

فَلَمَّآ أَلْقَوْا۟ سَحَرُوٓا۟ أَعْيُنَ ٱلنَّاسِ وَٱسْتَرْهَبُوهُمْ (അവർ പ്രകടനം തുടങ്ങിയപ്പോൾ ജനത്തിന്റെ കണ്ണുകളെ മയക്കി വിരട്ടിക്കളഞ്ഞു) എന്നാണ് *അൽ അഅ്റാഫ്* 116-ൽ പറയുന്നത്. മൂലത്തിലെ تسعى യെയാണ് 'പുളയുന്ന' എന്ന് തർജ്ജമ ചെയ്തിട്ടുള്ളത്. ഓട്ടത്തിനും നടത്തത്തിനും ഇടയിലുള്ള ചലനമാണ് ഭാഷയിൽ سَعِى. സഫാ-മർവക്കിടയിലുള്ള പ്രദക്ഷിണം سَعِى എന്നാണറിയപ്പെടുന്നത്. അതിൽ ഇടക്ക് നടത്തത്തേക്കാൾ ദ്രുതവും കുതിച്ചോട്ടത്തോളം വേഗമില്ലാത്തതുമായ ചലനമുണ്ടല്ലോ. ഓട്ടം, പരിശ്രമം തുടങ്ങിയ അർഥങ്ങളിലും سعى ഉപയോഗിക്കാം.

മൂസായുടെ പ്രധാന അത്ഭുത പ്രവൃത്തിയായി നാട്ടിൽ പ്രചരിച്ചിട്ടുള്ളത് വടി പാമ്പാക്കലാണല്ലോ. അതുകൊണ്ടായിരിക്കണം മാന്ത്രികന്മാരും ആ വിദ്യകൊണ്ടുതന്നെ തുടങ്ങിയത്. മൂസാ ഒരു വടി പാമ്പാക്കിയെങ്കിൽ ഞങ്ങളിതാ അനേകം വടികൾ മാത്രമല്ല, കയറുകളും പാമ്പാക്കുന്നു. ഒരു വടി പാമ്പാക്കുന്നതിനെക്കാൾ എത്രയോ മികച്ച വിദ്യയാണല്ലോ പല വടികളും പിന്നെ കയറുകളും പാമ്പാക്കുന്നത്. മാജിക്ക് എന്ന നിലയിൽ ഇത് ഗംഭീരമായ പ്രകടനം തന്നെയായിരുന്നു. *അൽ അഅ്റാഫ്* 116-ൽ وَجَآءُو بِسِحْرٍ عَظِيمٍ (ഗംഭീരമായ ആഭിചാരം തന്നെയാണവരവതരിപ്പിച്ചത്) എന്നു പറയുന്നുണ്ട്. പക്ഷെ ഈ ഗാംഭീര്യവും ഭയാനകതയുമൊക്കെ മാന്ത്രികരുടെ വാചാലതയും കയ്യടക്കവും ദ്രുത ചലനവും പ്രേക്ഷക ഹൃദ

യങ്ങളിലുളവാക്കുന്ന പ്രതികരണം മാത്രമായിരുന്നു. കയറിന്റെയോ വടിയുടെയോ യാഥാർഥ്യത്തിൽ മാറ്റം വരുത്താൻ മാന്ത്രികന് കഴിയില്ല. എങ്കിലും എന്തെല്ലാമോ മാറ്റങ്ങളുണ്ടായി എന്നൊരു ഭ്രമം പ്രേക്ഷകമനസ്സുകളിലുളവാക്കാൻ കഴിയും. യഥാർഥത്തിൽ ഒന്നും സംഭവിക്കുന്നില്ല എന്നു വെളിപ്പെടുകയാണെങ്കിൽ അതോടെ അയാളുടെ 'സിദ്ധി' അവസാനിക്കുകയും ചെയ്യും.

يُخَيَّلُ إِلَيْهِ مِن سِحْرِهِمْ എന്ന വാക്യം ഇക്കാര്യം നന്നായി പ്രകാശിപ്പിക്കുന്നുണ്ട്. خيال (തോന്നൽ, സങ്കൽപം, ഭാവന)ൽ നിന്നുത്ഭവിച്ചതാണ് يخيل. നമ്മൾ സ്വപ്ന ജീവി എന്ന് പറയുന്ന അർഥത്തിൽ അറബിയിൽ خيالى എന്ന് പറയും. വടികളും കയറുകളും സർപ്പങ്ങളായി ഇഴയുന്നുവെന്നത് പ്രേക്ഷകർക്കുണ്ടായ തോന്നൽ മാത്രമായിരുന്നു. അങ്ങനെ അവർ വിരണ്ടുപോയി. മാന്ത്രികരുടെ കയറുകളിലും വടികളിലും ചില രാസപദാർഥങ്ങൾ പുരട്ടിയതിന്റെ ഫലമായിരുന്നു ഇതെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിച്ചിരിക്കുന്നു. പ്രത്യേകതരം രാസപദാർഥം ലേപനം ചെയ്ത കയറും വടിയും സൂര്യപ്രകാശത്തിലേക്ക് എറിഞ്ഞപ്പോൾ സവിശേഷ രീതിയിൽ വെട്ടിത്തിളങ്ങുകയും ആ തിളക്കം വസ്തുവിന്റെ പുളച്ചിലായി കാണികൾക്ക് തോന്നുകയുമായിരുന്നു. ആഭിചാരത്തിന് യാഥാർഥ്യമില്ലെന്നും ആളുകളെ ഭ്രമിപ്പിക്കുക മാത്രമാണതു ചെയ്യുന്നതെന്നും നാം നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുള്ളതിന്ന് വ്യക്തമായ സാക്ഷ്യവും കൂടിയാണീ വാക്യം. കയറുകളും വടികളും മാന്ത്രികർ കശക്കിയപ്പോൾ സർപ്പങ്ങളെ പോലെ ഇഴയുന്നുവെന്ന് മൂസാനബിക്കും തോന്നി. എന്നു മാത്രമല്ല ആ കാഴ്ച അദ്ദേഹത്തിന്റെ ഉള്ളിന്റെയുള്ളിൽ നേരിയ ഭയമുണർത്തുകയും ചെയ്തു. തന്റെ വടിയുടെ സാധ്യത അപ്പോഴും പൂർണമായി അദ്ദേഹത്തിനു വെളിപ്പെട്ടിരുന്നില്ല. മാന്ത്രികരാവട്ടെ അനേകം വടികളും അതിനപ്പുറം കുറെ കയറുകളും പാമ്പാക്കി മാറ്റിയിരിക്കുന്നു. മത്സരം ഏതായാലും കടുത്തതായിരിക്കുമെന്ന് അദ്ദേഹം ആശങ്കിച്ചു. വിജയം തനിക്കുതന്നെ ആയിരിക്കുമെന്ന ദൈവിക വാഗ്ദാനത്തിൽ ഉറച്ച വിശ്വാസമുണ്ടെങ്കിലും അതു കൈവരുന്ന രീതി അത്ര അനായസകരമായിരിക്കുകയില്ല എന്നൊരാശങ്ക അദ്ദേഹത്തിനുണ്ടായി. അത്തരം സന്ദിഗ്ധ ഘട്ടങ്ങളിൽ വിജയം എത്ര ഉറപ്പുള്ള മത്സരാർഥിയും അൽപം സംഭ്രമിച്ചു പോകും. അതു മൂസാനബിക്കും ഉണ്ടായി. പേടി പുറത്തുകാട്ടാതെ ഉള്ളിലമർത്തിയാലാണ് اوجس എന്നു പറയുക. خيفة 'ഒരു പേടി' എന്ന വാക്ക് അത് നേരിയതും നൈമിഷികവുമായിരുന്നുവെന്ന് സൂചിപ്പിക്കുന്നു.

## 68,69

**മൂ**സാ(അ)യുടെ സംഭ്രമമകറ്റുന്നതിനു വേണ്ടി ഉടനെ അല്ലാഹു ഇങ്ങനെ സുവിശേഷമരുളി: ഒട്ടും പേടിക്കേണ്ട. മാന്ത്രികന്മാർ എത്രതന്നെ ഗംഭീരമായ അഭ്യാസങ്ങൾ അവതരിപ്പിച്ചാലും ഒടുവിൽ വിജയിക്കുന്നതു നീ തന്നെയായിരിക്കും. നിന്റെ കൈവശമുള്ളത് അവതരിപ്പിക്കുക. അവരുടെ നിർമിതികളെയെല്ലാം അത് നിഷ്ഫലമാക്കിക്കൊള്ളും. അവർ അവതരിപ്പിച്ചതെല്ലാം മാന്ത്രിക വിദ്യകൾ മാത്രമാണ്. മന്ത്രവാദി എത്ര ഗർവോടെ വന്നാലും വിജയിക്കാൻ പോകുന്നില്ല.

وَأَلْقِ مَا فِى يَمِينِكَ എന്ന വാക്യത്തിന്ന് നിന്റെ കൈവശമുള്ളത് അവതരിപ്പിക്കുക എന്നും നിന്റെ കൈയിലുള്ള വടി നിലത്തിടുക എന്നും അർഥമാവാം. രണ്ടർഥവും ഈ സന്ദർഭത്തിൽ സാധുവാകുന്നു. تَلْقَفْ مَا صَنَعُوٓا۟ എന്ന വാക്കിന്റെ ഭാഷാർഥം 'അവർ നിർമിച്ചതിനെ അത് വിഴുങ്ങും' എന്നാണ്. മൂസാ (അ) തന്റെ വടി നിലത്തിട്ടപ്പോൾ അത് ഉഗ്ര സർപ്പമായി മാറി മന്ത്രവാദികൾ സൃഷ്ടിച്ച സർപ്പങ്ങളെയെല്ലാം വിഴുങ്ങിക്കളഞ്ഞു എന്നാണ് മിക്ക ഖുർആൻ വ്യാഖ്യാതാക്കളും മനസ്സിലാക്കിയിട്ടുള്ളത്. പദങ്ങൾ പിന്തുണക്കുന്നത് ഈ ആശയത്തെ തന്നെയാണ്. എങ്കിലും ചില പണ്ഡിതന്മാർ അതിനോടു പൂർണമായി യോജിക്കുന്നില്ല. അവരുടെ നിലപാട് ഇതാണ്: മാന്ത്രികന്മാർ പാമ്പായിത്തോന്നിച്ച കയറുകളെയും വടികളെയും മൂസാ (അ)യുടെ വടി വിഴുങ്ങും എന്നല്ല സൂക്തം പറയുന്നത്. അവർ നിർമിച്ചതിനെ വിഴുങ്ങിക്കൊള്ളും تَلْقَفْ مَا صَنَعُوٓا۟ - എന്നാണ് പറഞ്ഞിരിക്കുന്നത്. അവർ നിർമിച്ചത് മാന്ത്രിക തന്ത്രം മാത്രമാണ് إِنَّمَا صَنَعُوا۟ كَيْدُ سَـٰحِرٍ എന്നു തുടർന്നു പറയുന്നു. അപ്പോൾ മാന്ത്രികന്മാർ നിർമിച്ചത് കയറും വടിയുമല്ല; അവയിൽ പ്രതിഫലിച്ച സർപ്പ ഭാവമാണ്. അതിനെയാണ് മൂസായുടെ സർപ്പം വിഴുങ്ങിക്കളഞ്ഞത്. മൂസാ (അ)യുടെ വടി രൂപാന്തരപ്പെട്ട സർപ്പം സ്പർശിച്ചതോടെ ആ സർപ്പഭാവം മറഞ്ഞു. അങ്ങനെ മന്ത്രവാദികളുടെ കയറുകളും വടികളും പൂർവസ്ഥിതിയിലേക്കു മടങ്ങി. അഥവാ അവരുടെ തട്ടിപ്പുകൾ പൊളിഞ്ഞു. تَلْقَفُ مَا يَأْفِكُونَ അവർ ചെയ്യുന്ന കൃത്രിമങ്ങളെ അല്ലെങ്കിൽ അവരുടെ തട്ടിപ്പുകളെ വിഴുങ്ങി എന്നാണ് സൂറ: *അശ്ശുഅറാഇലും അൽ അഅ്റാഫിലും* പറഞ്ഞിട്ടുള്ളത്. വിഴുങ്ങലിന്റെ (تَلْقَفُ) വിവക്ഷ എന്തായാലും ആഭിചാരകന്മാർ ചെയ്യുന്നത് വെറും തട്ടിപ്പാണെന്നും യാഥാർഥ്യത്തിൽ അത് ഒരു മാറ്റവുമുണ്ടാക്കുന്നില്ലെന്നും ഈ വാക്യം അസന്ദിഗ്ധമായി പ്രസ്താവിക്കുന്നുണ്ട്. حَيْثُ أَتَىٰ -യുടെ അർഥം ആഭിചാരകൻ 'ഏതു നിലയിൽ വന്നാലും' എന്നാവാം, 'എവിടെ വന്നാലും' എന്നുമാവാം. രണ്ടർഥവും ഈ സന്ദർഭത്തിൽ സാധുവാകുന്നു. രണ്ടും ഉദ്ദേശ്യവുമാകുന്നു. വചന സന്ദർഭം പരിഗണിച്ചാണ് 'എത്ര ഗമയിൽ വന്നാലും' എന്ന് തർജ്ജമ ചെയ്തത്. രാജ്യത്തിന്റെയും രാജാവിന്റെയും പിന്തുണയോടെ വൻ വിജയം നേടി രാജപ്രീതിയും പുരസ്കാരവും കരസ്ഥമാക്കുമെന്ന് വീരവാദം മുഴക്കി ഗംഭീരമായ മാന്ത്രിക വിദ്യ അവതരിപ്പിച്ചുകൊണ്ടാണല്ലോ അവർ തുടങ്ങിയത്. എന്തൊക്കെ ജാഡകൾ കാണിച്ചാലും സത്യത്തിനുമുമ്പിൽ ആഭിചാരത്തട്ടിപ്പുകൾ എവിടെയും വിജയിക്കാൻ പോകുന്നില്ല. പ്രേക്ഷകന്റെ കണ്ണുവെട്ടിക്കുകയും മനസ്സിനെ

വിഭ്രമിപ്പിക്കുകയും മാത്രമാണ് ആഭിചാരം ചെയ്യുന്നത്. വസ്തുനിഷ്ഠ യാഥാർഥ്യത്തിൽ അതൊട്ടും പ്രതിഫലനമുളവാക്കുന്നില്ല. മജിഷ്യന്മാരിൽ വലിയൊരു വിഭാഗം തങ്ങളുടേത് കൺകെട്ടും കയ്യടക്കവും തന്ത്രപ്രയോഗങ്ങളുമാണെന്ന് തുറന്നു പറഞ്ഞുകൊണ്ട് തന്നെ അദ്ഭുതങ്ങളവതരിപ്പിച്ച് ഉപജീവനം തേടുന്നവരാണ്. നിരന്തര പരിശീലനം കൊണ്ട് ശരീരത്തെ മെരുക്കിയെടുത്ത് അദ്ഭുതകരമായ മെയ്യഭ്യാസങ്ങൾ കാണിക്കുന്നവരാണ് സർക്കസുകാർ. അവരും അതിൽ അമാനുഷികതയോ ദിവ്യത്വമോ അവകാശപ്പെടാറില്ല. എന്നാൽ ചില വിരുതന്മാർ തങ്ങളുടെ തന്ത്രങ്ങൾ അമാനുഷികമായ ദിവ്യശക്തികളാണെന്നവകാശപ്പെട്ട് ആൾദൈവങ്ങളായി വിലസുന്നു. ചില മന്ത്രങ്ങളും ധ്യാനങ്ങളും തത്വപ്രഘോഷണങ്ങളും അവർക്കകമ്പടിയായി ഉണ്ടാകും. കണക്കില്ലാതെ പണം ലഭിക്കുന്നവർ അതിൽ നിന്ന് കുറച്ച് സേവന പ്രവർത്തനങ്ങളിൽ ചെലവഴിക്കുന്നു. അതോടെ ഈ ആൾ ദൈവങ്ങളുടെ കോട്ട ഭദ്രമായി. പിന്നെ സർക്കാരും പണക്കാരും പണിക്കാരുമെല്ലാം അവരുടെ ആശ്രിതരാകുന്നു. എന്തു ചെയ്താലും ആരും ചോദിക്കുകയില്ല. ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥ വന്നാൽ ഈ 'ദൈവങ്ങൾ' കാരാഗൃഹങ്ങളിലടക്കപ്പെടും. ഇക്കാലത്ത് ഇന്ത്യയിലും കേരളത്തിലും ഇതിനു ഏറെ ഉദാഹരണങ്ങളുണ്ട്.

മന്ത്രവാദികൾ കാണിക്കുന്ന ആഭിചാരം വെറും കപട തന്ത്രങ്ങളാണെങ്കിൽ പ്രവാചകന്മാർ അവതരിപ്പിക്കുന്ന അത്ഭുതം -معجزة- അല്ലാഹുവിങ്കൽ നിന്നുള്ള പ്രകടനമാണ്. അതിനെ അതിജയിക്കാനോ തത്തുല്യമായത് പ്രത്യക്ഷപ്പെടുത്താനോ മന്ത്രവാദികൾക്കാവില്ല. പ്രവാചകന്മാരുടെ ദിവ്യാത്ഭുതങ്ങൾക്ക് സത്യത്തിന്റെ തേജസ്സും ശക്തിയുമുണ്ടായിരിക്കും. പ്രവാചകന്മാർക്ക് മാത്രമേ അതു പ്രത്യക്ഷപ്പെടുത്താനാകൂ. അവർക്കുപോലും അല്ലാഹുവിന്റെ ഹിതാനുസാരമല്ലാതെ അത് പ്രത്യക്ഷപ്പെടുത്താനാവില്ല. മാന്ത്രിക വിദ്യകൾ പ്രേക്ഷകർ ആവശ്യപ്പെടുന്ന മുറക്കു എപ്പോഴും എവിടെവെച്ചും പ്രദർശിപ്പിക്കാം. ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തുന്ന പ്രവാചകന്മാർ സാത്വികരും ജ്ഞാനികളും ധർമപ്രബോധകരുമായിരിക്കും. അവർ ദിവ്യാത്ഭുതങ്ങളിലൂടെ സമ്പത്തോ അധികാരമോ തേടുകയില്ല. സത്യത്തിന്റെയും ധർമത്തിന്റെയും വിജയമായിരിക്കും അവരുടെ ലക്ഷ്യം. സമൂഹത്തിൽ ഏതെങ്കിലും ഒരു വിപ്ലവത്തിന് തുടക്കം കുറിച്ചുകൊണ്ടായിരിക്കും അവർ ഈ ലോകത്തുനിന്നും വിടവാങ്ങുക. ഇബ്റാഹീം, മൂസാ, ഈസാ, മുഹമ്മദ് (സ) തുടങ്ങിയ പ്രവാചകവര്യന്മാരുടെ ചരിത്രത്തിൽ ഈ വസ്തുത തെളിഞ്ഞുകാണാം. മറുവശത്ത് ഏതെങ്കിലും മാന്ത്രികൻ മന്ത്രവാദം കൊണ്ട് ലോകത്തു വിപ്ലവം സൃഷ്ടിച്ച ചരിത്രമില്ല. ആഭിചാരം سحر മിഥ്യയും ദിവ്യാദ്ഭുതം معجزة സത്യവുമാണ്. മൂസാ നബി തന്റെ വടിയെ പാമ്പാക്കിയാൽ അല്ലാഹു ഉദ്ദേശിച്ചിടത്തോളം അതു പാമ്പായിത്തന്നെ ഇരിക്കും. ആഭിചാരകന്മാരുടെ വടി ഒരിക്കലും പാമ്പാകുന്നേയില്ല. അതു പാമ്പായിരിക്കുന്നുവെന്ന മിഥ്യാഭ്രമം പ്രേക്ഷകരിൽ ഉളവാക്കുക മാത്രമേ ചെയ്യുന്നുള്ളൂ.

## 70

തങ്ങളുടെ നിരവധി സർപ്പങ്ങളുടെ മുമ്പിൽ മൂസാ (അ)യുടെ ഒരൊറ്റ സർപ്പം തീരെ നിഷ്പ്രഭമാകുമെന്നാണ് മാന്ത്രികർ ആഗ്രഹിച്ചതും പ്രതീക്ഷിച്ചതും. ഒറ്റപ്പാമ്പ് തങ്ങളുടെ പാമ്പുകളെയെല്ലാം വിഴുങ്ങിയത് അവരെ ഞെട്ടിച്ചുകളഞ്ഞു. തങ്ങളുടെ ഏറ്റം മികച്ച മാന്ത്രിക വിദ്യയെയാണ് മൂസായുടെ പ്രകടനം വിഴുങ്ങിക്കളഞ്ഞിരിക്കുന്നത്. ഇത് തങ്ങളുടേത് പോലുള്ള ആഭിചാരത്തട്ടിപ്പല്ല. മൂസായുടെ വടി യഥാർഥ സർപ്പം തന്നെയാണ് ആയിത്തീർന്നിരിക്കുന്നത്. ആഭിചാര വിദ്യകൊണ്ട് സാധിക്കുന്ന സംഗതിയല്ല അത്. മൂസാ അവകാശപ്പെട്ടതുപോലെ അദ്ദേഹത്തിന്റേത് ദൈവം പ്രത്യക്ഷപ്പെടുത്തിയ അദ്ഭുതം തന്നെയാണ്. ഇനി ഈ മത്സരവുമായി മുന്നോട്ടുപോയിട്ട് കാര്യമില്ല. നേരിൽ കണ്ടു ബോധ്യപ്പെട്ട സത്യം നിഷേധിക്കുന്നതെങ്ങനെ? മത്സരം ആരംഭിക്കുന്നതിനു മുമ്പ് മൂസാ (അ) നൽകിയ താക്കീത് നേരത്തെതന്നെ അവരെ അല്പം ആശങ്കയിലാക്കിയിരുന്നുവെന്ന് 73-ാം സൂക്തം സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഇപ്പോൾ ആ ആശങ്ക മൂർത്ത യാഥാർത്ഥ്യമായിത്തീർന്നിരിക്കുകയാണ്. ഇനി മൂസായുടെ മുന്നിൽ കലവറയില്ലാതെ അടിയറവ് പറയുകയല്ലാതെ ഗത്യന്തരമില്ല. അങ്ങനെ മാന്ത്രികരെല്ലാം പ്രണാമത്തിൽ വീണു. പുരാതനകാലത്ത് ഒരാളുടെ മികവും മഹത്വവും പൂർണമായി അംഗീകരിക്കുന്നതിന്റെ ചിഹ്നമായിരുന്നു പ്രണാമം. സുജൂദ് ചെയ്തതോടൊപ്പം മൂസായുടെയും ഹാറൂനിന്റെയും വിധാതാവിൽ ഞങ്ങളും ഇതാ വിശ്വസിച്ചിരിക്കുന്നുവെന്ന് തുറന്നു പ്രസ്താവിക്കുകയും ചെയ്തു. ഇതൊന്നും മാന്ത്രിക വിദ്വാന്മാർ ആലോചിച്ചു തീരുമാനിച്ചു ചെയ്തതല്ല, അവർ നേരിൽ കണ്ട യാഥാർഥ്യം അനിച്ഛയാ അവരെകൊണ്ട് അങ്ങനെ ചെയ്യിക്കുകയായിരുന്നുവെന്നാണ് فألقى السحرة سجدا - ആഭിചാരകന്മാർ പ്രണാമത്തിൽ വീണുപോയി എന്ന വാക്യം സൂചിപ്പിക്കുന്നത്. ■